11 (*265) ജസ്റ്റീസ് എം.പി. മേനോൻ റിപ്പോർട്ട്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലുംവകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) ജസ്റ്റീസ് എം.പി. മേനോൻ റിപ്പോർട്ട് സമർപ്പിച്ചത് എന്നാണ്;

(ബി) പ്രസ്തുത റിപ്പോർട്ടിൽ കൃഷിയിൽനിന്നുള്ള ആദായം വർദ്ധിപ്പിക്കാനും കർഷകന്റെ നികുതി ഭാരം കുറയ്ക്കാനുമുള്ള നിർദ്ദേശങ്ങളുണ്ടോ;

(സി) എങ്കിൽ അത് എന്തെല്ലാമെന്ന് പറയുമോ;

(ഡി) ഈ റിപ്പോർട്ട് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) 1994 ഏപ്രിൽ 19-ാം തീയതിയാണ് ജസ്റ്റീസ് എം.പി. മേനോൻ റിപ്പോർട്ട് സമർപ്പിച്ചത്.

(ബി) ഉണ്ട്.

(സി) എം.പി. മേനോൻ കമ്മിഷൻ റിപ്പോർട്ടിന്റെ 105-ാംമതു പേജിലെ ശുപാർശപ്രകാരം മറ്റ് വ്യവസായങ്ങളെ അപേക്ഷിച്ച് പ്ളാന്റേഷൻ വ്യവസായത്തിന് കൂടുതൽ നികുതി ഈടാക്കിവരുന്നതായി കമ്മിഷന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മറ്റ് വ്യവസായങ്ങളെക്കാൾ കൂടുതൽ നികുതി പ്ളാന്റേഷൻ വ്യവസായത്തിന് ഈടാക്കാൻ പാടില്ലെന്നും കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) നികുതി നയം യുക്തിസഹമാക്കണമെന്ന് കമ്മിഷന്റെ നിർദ്ദേശത്തിന്റെ പകർപ്പ് ആവശ്യമായ നടപടിക്കായി നികുതി വകുപ്പിലേക്കയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ഈ വിഷയം ഇപ്പോൾ കൈകാര്യം ചെയ്യേണ്ടത് റവന്യൂ (ജി) വകുപ്പായതിനാൽ ഇതേ സംബന്ധിച്ച് ശുപാർശ പ്രസ്തുത വകുപ്പിന് അയച്ചുകൊടുത്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.

12 (*266) സംസ്ഥാനത്തെ കാർഷികാദായ നികുതി

ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. എളമരം കരീം :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികാദായ നികുതിയുടെ തോത് എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് കാർഷികാദായ നികുതി വർദ്ധിച്ച തോതിലാണ് ഈടാക്കി വരുന്നതെന്ന് ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നികുതി നിരക്ക് കുറയ്ക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly